File No.FWLD-B1/113/2017-FWLD

22007
ടി 12/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-കേരള വനം വകുപ്പിന്റെ അധീനതയിലുള്ള അരുവാക്കോട് തടി ഡിപ്പോയ്ക്ക് കൂടി ചന്ദനത്തടി ചില്ലറ വിൽപ്പനയ്ക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(കൈ) നം.19/2019/വനം തീയതി,തിരുവനന്തപുരം, 18/07/2019

പരാമർശം:- 1) 25.01.2018 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.02/2018/വനം.

2) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്) – ന്റെ 01/11/2018, 29/03/2019 എന്നീ തീയതികളിലെ പ്രൊ (5)-27294/17 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2012 ലെ The Kerala Forest (Restriction on cutting and selling of Sandal trees and grant of license for possession and transport of Sandal wood and Sandal Wood oil) Rules ന്റെ 17 -ാം ചട്ടം (i) ഉപചട്ട പ്രകാരം ചന്ദന ചില്ലറ വില്പനയ്ക്കായി കുളത്തുപ്പുഴ, കോന്നി, വിട്ടൂർ, ചാലിയം, കണ്ണോത്ത്, പരപ്പ എന്നീ സർക്കാർ തടി ഡിപ്പോകളെ ചന്ദനത്തിന്റെ ചില്ലറ വിൽപ്പനയ്ക്കുള്ള അംഗീകൃത ഏജൻസിയായി പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

(2) ഈ ആറ് കേന്ദ്രങ്ങളിലും ചന്ദനത്തിന്റെ ചില്ലറ വിൽപ്പന നടന്നു വരുന്നു. ആയതിന് ക്ഷേത്രങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നല്ല രീതിയിലുള്ള പ്രതികരണവും ഉണ്ടെന്നും, ഈ സാഹചര്യത്തിൽ നിലമ്പൂരിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതും, കേരള വന വികസന കോർപ്പറേഷന്റെ ഓഫീസിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്നതുമായ അരുവാക്കോട് സർക്കാർ തടി ഡിപ്പോയ്ക്ക് ചന്ദനത്തടി ചില്ലറവിൽപ്പനയ്ക്കുള്ള അനുമതി നൽകണമെന്നും, അരുവാക്കോടിന് അടുത്തായി വന വികസന കോർപറേഷന് വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതിനാലും, ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന കനോലി പ്ലോട്ട് ഇക്കോ ടൂറിസം കേന്ദ്രം അരുവാക്കോട് ഡിപ്പോയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും, കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ സംസ്ഥാന പാത അരുവാക്കോട് ഡിപ്പോയുടെ മുമ്പിലൂടെ പോകുന്നതിനാലും, ഈസ്റ്റേൺ സർക്കിൾ പാലക്കാടിൽ ചന്ദന ചില്ലറ വിൽപ്പനയ്ക്ക് ഒരു സ്ഥലവും വിജ്ഞാപനം ചെയ്തിട്ടില്ലാത്തതും പരിഗണിച്ച് അരുവാക്കോട് തടി ഡിപ്പോയ്ക്ക് ചന്ദനത്തടി ചില്ലറവിൽപ്പനയ്ക്കുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

(3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012 – ലെ the Kerala Forest (Restriction on cutting, selling of Sandal trees and grant of license for possession and transport of Sandal Wood & Sandal Wood oil) Rules – ന്റെ 17 –ാം ചട്ടം (i) ഉപചട്ട പ്രകാരം ചന്ദന വിൽപ്പനയ്ക്കായി അരുവാക്കോട് സർക്കാർ തടി ഡിപ്പോ പരാമർശം (1) ലേഖ പോലെ ചന്ദനത്തടി ചില്ലറ വിൽപ്പന നടത്തുന്നതിനുള്ള അംഗീകൃത എജൻസിയായി അധികാരപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുല്‌ഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്,

തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്),

തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.07.[illegible] IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് –
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.
വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.